

# ചിറക്

## ലിറ്റിൽ കൈറ്റ്സ് 2018-19

### ജി എച്ച് എസ് എസ് മേപ്പാടി

# മേപ്പാടി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപക രക്ഷാകർതൃ സമിതി

മേപ്പാടി പി ഒ, വയനാട് 673 577



മേപ്പാടി
0,0,2019

മേപ്പാടി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ
'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റ്
ഈ വർഷം
ഒരു ഡിജിറ്റൽ മാഗസിൻ ഇറക്കുന്നു
എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു.

കേരളത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള
ലിറ്റിൽ കൈറ്റ്സ് ഇന്ത്യയിലെ ഏറ്റവും വലിയ ഐ സി ടി കൂട്ടായ്മയാണ്.
വിദ്യാർത്ഥികളിലെ സ്വാഭാവിക ഐ സി ടി താൽപ്പര്യത്തെ
പ്രോത്സാഹിപ്പിക്കുകയും
സാങ്കേതികവിദ്യയുടെയും സോഫ്റ്റ്‌വെയറിന്റെയും ശരിയായ ഉപയോഗവും
സംസ്കാരവും വളർത്തുകയാണ് ഈ സംരംഭത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്ന്.
ലിറ്റിൽ കൈറ്റ്സ് ലക്ഷ്യമിട്ടിട്ടുള്ള നേട്ടങ്ങൾ കൈവരിക്കുന്നതിന്
നിരവധിയായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

ഈ വർഷം നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിർച്ച്വൽ
ഡോക്യുമെന്റേഷന്റെ ഭാഗമായി തയ്യാറാക്കുന്ന മാഗസിന്
പി ടി എയുടെ
എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

പി കെ മുഹമ്മദ് ബഷീർ
പ്രസിഡണ്ട്.

## ചീഫ് എഡിറ്റർ

ശ്രീ. ജോർജ് മാമൻ(ഹെഡ്മാസ്റ്റർ)

## സ്റ്റുഡന്റ് എഡിറ്റർ

മരിയ ആതിര (9A)

## പത്രാധിപ സമിതി

ഫാത്തിമ ഫിദ ,9A

ഷഹീദ നസ്റിൻ 9A

അംന ഫാത്തിമ ,9C

നിഫ്ല ഷെറിൻ ,9C

മുഹമ്മദ് റിസ്‌വാൻ, 9A

## ലേ ഔട്ട്

ശിവപ്രസാദ് വി 10 G

## ലേ ഔട്ട് സഹായം

മുരളീധരൻ വി സി H S A(മലയാളം)

ശാസ്ത്രവും സാങ്കേതിക വിദ്യയും മനുഷ്യനിൽ ചെലുത്തുന്ന ചടുലവും വിസ്മയകരവുമായ മാറ്റങ്ങളിലൂടെയാണ് നാമിന്ന് കടന്നു പോകുന്നത്.
വിരൽത്തുമ്പിൽ വിസ്മയം വിരിയിക്കുന്ന ഡിജിറ്റൽ വിജ്ഞാനം ഇന്ന് കേരളത്തിന്റെ പൊതു വിദ്യാഭ്യാസ മേഖലയിലും ഏറെ സ്വാധീനം ചെലുത്തുന്നു.അതുകൊണ്ടുതന്നെ പരമ്പരാഗത രീതിയിലുള്ള പഠനരീതികൾക്കു പകരം നവീന സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കിയുള്ള ക്ലാസ്സന്തരീക്ഷമാണ് നമ്മുടെ പൊതു വിദ്യാലയങ്ങളിൽ വ്യാപകമാകുന്നത്.

ഡിജിറ്റൽ വിജ്ഞാനം പരിപോഷിപ്പിക്കുകയും ഈ മേഖലയിൽ അഭിരുചി വളർത്തുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ തുടക്കം കുറിച്ച "ലിറ്റിൽ കൈറ്റ്സ്" വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നു പോകുന്നു.

സ്ക്കൂളിലെ വിവിധ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ നടത്തുന്നതിന് ഭാഷാ കമ്പ്യൂട്ടിങ് പരിജ്ഞാനം നേടുകയും അതിലുപരി വിദ്യാർത്ഥികളുടെ സർഗാത്മക ശേഷികൾ വളർത്തുകയും ചെയ്യുന്നതിനു വേണ്ടിയാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ **ചിറക്** എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയത്.

പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സാങ്കേതികതയുടേയും സർഗാത്മകതയുടേയും തൂവലുകൾ ചേർന്ന **ചിറക്** വർത്തമാന കാലത്തിന്റെ നോവുകളും പ്രതീക്ഷകളുമായി വിശാലമായ ആകാശം തേടുകയാണ്......

**എഡിറ്റർ**


ജി.എച്ച്.എസ്.എസ് മേപ്പാടി

# താളുകളിൽ...


താളുകളിലൂടെ....4
ഹരിതവിപ്ലവം ഇന്ത്യയിൽ....8
തേനീച്ചകളുടെ ലോകം....9
കവിത....11
അമ്പിളിമാമാ....11
പഴഞ്ചൊല്ല് പറഞ്ഞു കളിക്കാം....12
മുത്തശ്ശി....13
ക്ലബ്ബുകൾ മികവുകൾ....15
തുറക്കാത്ത പൂട്ടുകൾ....19
ഇവരിനി മൂകസാക്ഷികൾ....21
ഇരുട്ടിന്റെ വാക്കുകൾ....22
കുസൃതിക്കണക്കുകൾ....23
ആത്മ നൊമ്പരങ്ങൾ....24
കഥ....25
സൈബർ സെൽ....25
തണൽ....26
സസ്യ ലോകം....27
കൗതുകം നിറഞ്ഞ ജീവലോകം....28
വെട്ടുകിളി....28
പാറ്റകൾ....28
മലയണ്ണാൻ....28
പ്രാവ്....28
പുൽച്ചാടി....29
കടുവ....29
വരയാട്....29
വേഴാമ്പൽ....29
ചന്ദ്രനുദിക്കുന്ന ദിക്കിൽ....31
ചന്ദ്രോല്പത്തി സിദ്ധാന്തങ്ങൾ....31
ചാന്ദ്രയാത്രകൾ....31
വരകൾ.....വർണങ്ങൾ....33
ഇമ്മിണി ബല്ല്യ ബെഷീർ....44
അന്യർക്ക് പ്രവേശനമില്ല....46
Flood....47

## സമർപ്പണം

കുരുന്നു മനസ്സുകളിൽ വെളിച്ചം വിതറി കടന്നു പോയ

ഗുരുജനങ്ങൾക്ക്....

# ഹരിതവിപ്ലവം ഇന്ത്യയിൽ

ഇന്ത്യയിൽ ഹരിതവിപ്ലവത്തിന് 1960 കളോടെ തുടക്കം കുറിച്ചെങ്കിലും 1966-69 ലാണ് സജീവമായത്. അത്യുൽപ്പാദനശേഷയുള്ള സങ്കരവിളകളും രാസവളങ്ങളും രാസകീടനാശിനികളുമുപയോഗിച്ച് ആരംഭിച്ച നൂതനകൃഷി രീതി ഇന്ത്യയിലെ കാർഷിക രംഗത്ത് ഒരു വൻ വിപ്ലവത്തിന് വഴി തുറന്നിട്ടു. ജലസേചനസൗകര്യങ്ങളും ഗതാഗത സൗകര്യങ്ങളും വർധിപ്പിച്ചു.

ആധുനികയന്ത്രങ്ങൾ ഉപയോഗിച്ചുള്ള ഈ കൃഷി രീതി വളരെ പെട്ടെന്നുതന്നെ ലോകത്തെ ഏറ്റവും വലിയ ഭക്ഷ്യോൽപാദകരെന്ന ബഹുമതി ഇന്ത്യക്ക് നേടിക്കൊടുത്തു. സി. സുബ്രമണ്യനായിരുന്നു അന്നത്തെ കൃഷിമന്ത്രി.



പ്രശസ്ത കൃഷിശാസ്ത്രജ്ഞനായ ഡോ. എം.എസ് സ്വാമിനാഥനാണ് ഇന്ത്യയിൽ ഹരിതവിപ്ലവത്തിന്റെ പിതാവെന്നറിയപ്പെടുന്നത്.

മൃദുഷ

9F

# തേനീച്ചകളുടെ ലോകം

ഈ ഭൂമിയിൽ നിന്ന് തേനീച്ചകൾ പൂർണമായും ഇല്ലാതായാൽ കുറഞ്ഞ വർഷങ്ങൾക്കുള്ളിൽ മനുഷ്യരാശി തന്നെ ഇല്ലാതെയാകും എന്നാണ് തേനീച്ചകളെക്കുറിച്ച് ആൽബർട്ട് ഐൻസ്റ്റീൻ പ്രവചിച്ചിട്ടുള്ളത്.ഇതിൽ നിന്ന് തേനീച്ചകൾ ജീവരാശിയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണെന്ന് മനസ്സിലായല്ലോ.



കേരളത്തിൽ സാധാരണയായി നാലിനം തേനീച്ചകളാണ് കാണപ്പെടുന്നത്.ഞൊടിയൻ,പെരുന്തേനീച്ച,നീലത്തേനീച്ച എന്നിവയും യഥാർത്ഥതേനീച്ചയുടെ വിഭാഗത്തിൽപ്പെടാത്തതും വിഷസൂചിയില്ലാത്തതുമായ ചെറുതേനീച്ചയുമാണവ. കൗതുകകരമായ ജീവിതരീതിയാണ് തേനീച്ചകൾക്കുള്ളത്.കോളനികളായി താമസിക്കുന്ന ഇവയുടെ കൂട്ടിൽ ഒരു റാണിയും വേലക്കാരി ഈച്ചകളും കാവൽക്കാരും ആൺതേനീച്ചകളും (ഡ്രോൺ തേനീച്ചകൾ) ഉണ്ടായിരിക്കും.

കുഞ്ഞുങ്ങളെ പരിപാലിക്കുക,തേൻ ശേഖരിക്കുക,കൂട് നിർമ്മിക്കുക തുടങ്ങി എല്ലാ ജോലികളും ചെയ്യുന്നത് വേലക്കാരി ഈച്ചകളാണ്.



റാണിതേനീച്ചകൾ ഏകദേശംനാലു മുതൽ ഏഴു വർഷം വരെ ജീവിക്കുന്നു. മുട്ട വിരിയുന്നതിനു മുമ്പു തന്നെ കുഞ്ഞുങ്ങൾ ആണോ പെണ്ണോ എന്ന് തിരിച്ചറിയാൻ തേനീച്ചക്കു കഴിയും.

വേലക്കാരികൾ ചവച്ചുണ്ടാക്കുന്ന പ്രത്യേക പദാർത്ഥം കൊണ്ടാണ് ഇവ കൂടുകൾക്കു വേണ്ടിയുള്ള അട നിർമിക്കുന്നത്.ഇങ്ങനെ നിർമിക്കപ്പെടുന്ന കൂടുകളുടെ മുകളിൽ തേനും പൂമ്പൊടിയും അതിനു താഴെ കുഞ്ഞുങ്ങൾ,പുഴുക്കൾ,മുട്ടകൾഎന്നിവയും അതിനും താഴെ റാണി അറകളുമാണ് കാണപ്പെടുന്നത്.

വൈവിധ്യവും കൗതുകകരവുമായ രീതിയിൽ ജീവിക്കുന്ന ഈ ഷഡ്പദങ്ങളുടെ നിലനിൽപ്പ് പ്രകൃതിയിലെ എല്ലാ ജീവികളുടേയും നിലനിൽപ്പുകൂടി ഉറപ്പു വരുത്തുന്നു.

ശിവപ്രസാദ് വി

**9A**

# അമ്പിളിമാമാ....

അമ്പിളിമാമാ വന്നാട്ടെ
ആലിലതേനിൽ  നിന്നാട്ടെ
ഈ കൊച്ചിനെ കാണാൻ വന്നാട്ടെ
മാനത്തെ താരത്തെ തന്നാട്ടെ

അംന ഫാത്തിമ
9C

## പഴഞ്ചൊല്ല് പറഞ്ഞു കളിക്കാം

- അക്ഷരം പലതെങ്കിലും വിദ്യതന്നെ
- അങ്ങാടികാണാൻ കണ്ണാടി വേണ്ട
- ഉണ്ട ചോറ്റിൽ കല്ലിടരുത്
- ഉപ്പുതിന്നവൻ വെള്ളം കുടിക്കും
- ഉയരത്തിലുള്ളതിന്റെ വീഴ്ച ഊക്കിൽ
- തൻകുഞ്ഞെന്നുകരുതി തലയിലിരുത്തി വളർത്തരുത്
- തന്റെ രണ്ടു പോയാലും അന്യന്റെ ഒന്നെങ്കിലും പോകണം
- നാഴി ആഴിയിൽ മുക്കിയാലും നാഴി നാഴി തന്നെ
- നിലാവുള്ളപ്പോഴും പെറ്റമ്മയുള്ളപ്പോഴും പേടിക്കരുത്
- നിറഞ്ഞ പാക്കേ നിറഞ്ഞിരിക്കൂ
- കാക്കയ്ക്കും തൻ കുഞ്ഞ് പൊൻകുഞ്ഞ്
- വിത്താഴം ചെന്നാൽ പത്തായം നിറയും
- തിന വിതച്ചാൽ തിന കൊയ്യും വിന വിതച്ചാൽ വിന കൊയ്യും
- ആടറിയുമോ അങ്ങാടി വാണിഭം
- ചേറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴക്കും
  അരചനെ കൊതിച്ച് കണവനെ വെടിഞ്ഞവൾക്ക് അരചനുമില്ല
  കണവനുമില്ല

ദിൽസ്വരൂപ് ജെ
9A

# മുത്തശ്ശി

"കൊക്കരകൊ...ക്കോ..."

"ഓ നേരംവെളുത്തു.ഈയൊരു കോഴി"... പതിവുപോലെ കോഴിയെ തെറിവിളിച്ച് അവൻ ഉണർന്നു.അവൻ നേരെ അടുക്കളയിലേക്ക് ചെന്നു.

"ടാ ചെക്കാ...പോയി പല്ലു തേച്ചു വാ"...അവനെ കണ്ടതും അമ്മ പറഞ്ഞു.ഷെൽഫിൽ മഞ്ഞയും പച്ചയും ചുവപ്പും നിറത്തിലുള്ള വലിയ ബ്രഷുകളിൽ നിന്ന് അവൻ തന്റെ കുഞ്ഞു ബ്രഷെടുത്തു.അതിലൽപ്പം പേസ്റ്റും തേച്ച് ഉമ്മറത്തേക്കിറങ്ങി.അവിടെ ചാരുകസേരയിൽ അച്ഛൻ പത്രം വായിക്കുന്നുണ്ടായിരുന്നു."ലക്ഷ്മീ... എന്റെ ചായ എവി

ടെ ?ഓഫീസിൽ പോകാൻ നേരമായി. ഒരു ചായ ചോദിച്ചിട്ട് എത്ര നേരമായി?"

"ദാ കൊണ്ടു വരുന്നു".ചായയുമായി അമ്മയും ഉമ്മറത്തേക്കെത്തി.

"ഈ കുട്ടിയിത് വരെ പല്ലു തേച്ച് കഴിഞ്ഞില്ലേ...ഒന്ന് വേഗം പല്ലു തേക്ക് അപ്പൂ" അമ്മയുടെ നിർദേശത്തിനോട് മടുപ്പ് തോന്നിയ അവൻ പല്ലുതേപ്പിന് ഒന്ന് ആക്കം കൂട്ടി.

അമ്മേ, ഇന്നും ഈയൊരുകടലക്കറി,അമ്മക്ക് ഒരുമുട്ടക്കറിയെങ്കിലും ഉണ്ടാക്കി കൂടെ...കോഴിയില്ലെയിവിടെ?..പരാതിയുമായി അമ്മുചേച്ചിയുംഹാജരായി. പിന്നേ പൊരുത്തിന് വെച്ചമുട്ടയെടുത്ത് ഞാൻ നിനക്ക് കറിയുണ്ടാക്കുകയല്ലേ?..വേണേൽ കഴിച്ചിട്ട് പോ..

മനുഷ്യനിവിടെ നൂറുകൂട്ടം പണിയുണ്ട്. അമ്മുചേച്ചിയുടെതലക്ക് ഒരടിയും വെച്ച് കൊടുത്ത് അമ്മ അടുക്കളയിലേക്കു പോയി.

പക്ഷെ അപ്പു ശ്രദ്ധിച്ചത് മറ്റൊന്നായിരുന്നു.

പൊരുത്തിന് വെക്കുകയൊ ?അതെന്താ?അവന് അടുക്കളയിലേക്കോടി.അമ്മേ ...ഈ പൊരുത്തിന് വെക്കാന്ന് പറഞ്ഞാലെന്താ?തിരക്കുപിടിച്ച പണികൾക്കിടയിൽ നിന്ന് ദേഷ്യത്തോടെ മറുപടി നൽകി.നിന്നെപോലെയുള്ളകുസൃതികളെ ഉണ്ടാക്കുക.എന്നിട്ട് കെടന്ന്കഷ്ടപ്പെടുക...അതു തന്നെ.അമ്മ ദേഷ്യത്തിലാണെന്നു മനസ്സിലാക്കിയ അപ്പു മുത്തശ്ശിയുടെഅടുത്തെത്തി.എപ്പോഴും അവന്റെ സംശയങ്ങൾ തീർക്കുന്നത് മുത്തശ്ശിയാണ്.മുത്തശ്ശന്റെ മരണത്തോടെ ഒറ്റപ്പെട്ട മുത്തശ്ശി ഇപ്പോൾ അപ്പുവിനോടു മാത്രമേ സംസാരിക്കാറുള്ളു.

അപ്പുവിന്റെ സംശയം കേട്ട് മുത്തശ്ശി അവനെ മടിയിൽ വച്ചു.

അതോ...അപ്പുവിനെപ്പോലെയുള്ള നല്ല   കുട്ടികളുണ്ടാകാൻ വേണ്ടിയാ...
അവൻ മുത്തശ്ശിയെ നോക്കി ചിരിച്ചു.മുത്തശ്ശി അവന്റെ കവിളിലും തലയിലും സ്നേഹത്തോടെ തലോടി.

മിദ്‌ലജ കെ

9D

# ക്ലബ്ബുകൾ മികവുകൾ

വിദ്യാർത്ഥികളുടെ സമഗ്ര വികാസത്തിന് പഠനത്തോടൊപ്പം പാഠ്യേതരപ്രവർത്തനങ്ങൾക്കും വളരെയധികം പ്രാധാന്യമുണ്ട്.പാഠ്യേതരപ്രവർത്തനങ്ങൾ പുഷ്ടിപ്പെടുത്തുന്നതിന് ക്ലബ്ബുകൾ വലിയ പങ്കു വഹിക്കുന്നു.

മേപ്പാടി ഗവ.ഹൈസ്ക്കൂളിൽ വിവിധ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു.

*എസ് പി സി:* വർഷങ്ങളായി പ്രവർത്തിച്ചു വരുന്ന എസ് പി സി വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്തു വരുന്നു.






പരിസ്ഥിതി ക്ലബ്ബ്:പൊതുവിദ്യാലയങ്ങൾ ഹരിതവത്ക്കരിക്കുക എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനായി ഈ വർഷം വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.ഇതിന്റെ ഭാഗമായി സ്ക്കൂൾ പരിസരത്ത് തണൽ മരങ്ങൾ നട്ട്സംരക്ഷിക്കുന്നു.കൂടാതെ പൂന്തോട്ടം നിർമാണം നടത്തി ചെയ്തു വരുന്നു.





കാർഷിക ക്ലബ്ബ്:ജൈവവളം മാത്രം മണ്ണിൽ ചേർത്ത് കാബേജ്,തക്കാളി,വഴുതന,മുളക് തുടങ്ങിയ പച്ചക്കറികൾ കൃഷി ചെയ്ത് വിളവെടുപ്പ് നടത്തി.





ECAS:കല്പ്പറ്റ എം എസ് സ്വാമിനാഥൻ ഗവേഷണ നിലയത്തിന്റെ നേതൃത്വത്തിൽ Every Child A Scientist ക്ലബ്ബ് പ്രവർത്തിച്ചു വരുന്നു.കൃഷി,പ്രകൃതി സംരക്ഷണം,കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്,വ്യക്തിത്വ വികാസം,തുടങ്ങിയ വ്യത്യസ്ത മേഖലകളെക്കുറിച്ചുള്ള ക്ലാസ്സുകളും പ്രവർത്തനങ്ങളും ഫീൽഡ് ട്രിപ്പ് ,മധ്യവേനലവധി ക്യാമ്പുകൾ എന്നിവയും സംഘടിപ്പിക്കുന്നു.ഇക്കാസ് സംഘടിപ്പിച്ച ചക്ക ഫെസ്റ്റ്,ശാസ്ത്ര പാഠോപകരണ നിർമാണ ശില്പ ശാല എന്നിവ ഈ വർഷത്തെ മികച്ച പ്രവർത്തനങ്ങളായിരുന്നു.




മറ്റുള്ളവ:

കലാ കായിക മേളകളിൽ മികവു തെളിയിക്കാൻ മേപ്പാടി സ്ക്കൂളിലെ ഒട്ടേറെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞിട്ടുണ്ട്.

ഈ വർഷത്തെ  ഗോത്രഫെസ്റ്റിൽ ഗോത്രവിഭാഗം കുട്ടികളവതരിപ്പിച്ച കലാരൂപങ്ങൾ ഏറെ ശ്രദ്ധേയമായി.





ജെ ആർ സി:സ്ക്കൂളിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു.എയ്ഡ്സ് ദിന റാലി സംഘടിപ്പിച്ചു.ജെ ആർ സി അംഗങ്ങൾക്കായി വിവിധ ബോധവല്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

# തുറക്കാത്ത പൂട്ടുകൾ

വാടിയ ഒരുപൂവിനെപ്പോലെ വാടിതളർന്ന മുഖവുമായി ശ്രീക്കുട്ടി മുറ്റത്ത്തനിച്ചു നിൽക്കുകയായിരുന്നു. പുറത്തേക്ക് കാണാൻ കഴിയാത്തവിധം നിർമ്മിച്ച കൂറ്റൻ മതിലിനോട് വിദ്വേഷ്യം തോന്നിയ ശ്രീക്കുട്ടി ഇന്റർലോക്ക് പതിപ്പിച്ച മുറ്റത്തൊന്നാഞ്ഞ് ചവിട്ടി.ഗെയ്റ്റിനുമുന്നിൽ പട്ടം പറത്തി കളിക്കാൻ വേണ്ടി കാത്തിരുന്ന പിങ്കിയും ജോജിയും ശ്രീക്കുട്ടിയെ കാത്ത്മടുത്ത് മടങ്ങിപ്പോയി.പിങ്കിയോടും ജോജിയോടും കൂട്ടുകൂടരുതെന്നാണ് മമ്മിയുടെ വിലക്ക്.ഗവൺമെന്റ് സ്കൂളിൽ പഠിക്കുന്ന അവരോട് മമ്മിക്ക് പുച്ഛമാണ്.'കൾച്ചറില്ലാത്തവർ'മമ്മിയെപ്പോഴുംപറയും.എന്നാൽ ശ്രീക്കുട്ടിക്ക് അവരുടെ ചെറിയ കുടിലും കളികളും ഒക്കെ ഒത്തിരി ഇഷ്ടമാണ്.മമ്മിയുണ്ടാക്കുന്ന 'ന്യൂഡിൽസിനേക്കാൾ'അവൾക്കിഷ്ടം അവരുടെ മുത്തശ്ശിയുണ്ടാക്കുന്ന കാവുത്തും ചേമ്പുമൊക്കെയാണ്.

മമ്മികാണാതെ കളിക്കാൻപോകാൻ പറ്റില്ല എന്നുറപ്പായ ശ്രീക്കുട്ടി നിരാശയോടെ വീട്ടിനുള്ളിലേക്ക് വന്നു.ആ രണ്ടുനില വീട്ടിൽ അവൾ ഒറ്റക്കാണ്.ഒരു കുഞ്ഞു മതിയെന്നാണ് മമ്മിയുടെ തീരുമാനം.രണ്ടാമതൊരു കുഞ്ഞുകൂടിയായാൽ തന്റെ സൗന്ദര്യസമ്പത്തിന് കോട്ടംതട്ടുമെന്നാണ് മമ്മിയുടെ വാദം.പക്ഷെ ...സഹോദരങ്ങളില്ലാത്ത ആ വീട് ശ്രീക്കുട്ടിക്ക് പയ്യെ മടുത്ത്തുടങ്ങിയിരുന്നു.

തന്റെ നിരാശയുള്ളിലൊതുക്കി നിറകണ്ണുകളോടെ അവൾ മമ്മിയുടെ അടുത്തേക്ക് ചെന്നു.മുഖത്ത് 'ഫേഷലും ഫോണിൽ ചാറ്റും'ചെയ്യുന്ന മമ്മിയെ കണ്ടപ്പോൾ അവളൊന്നും മിണ്ടാതെ ഇറങ്ങിപ്പോന്നു.കാരണം ഒരിക്കൽ ഇത്തരമൊരു സന്ദർഭത്തിൽ ജോജിയുടെ വീട്ടിലെ മരക്കൊമ്പിലെ ഇരട്ടത്തലച്ചിയുടെ കുഞ്ഞുങ്ങളെക്കണ്ട സന്തോഷം മമ്മിയോട് പങ്കു വെക്കാൻ ചെന്ന ശ്രീക്കുട്ടിയോട് 'ഡിസ്റ്റർബ് 'ചെയ്യരുതെന്ന് മമ്മി വിലക്കിയിട്ടുണ്ട്.പതിയെ അവൾ ഡാഡിയുടെ മേശപ്പുറത്തേക്ക് തിരിഞ്ഞു.

കമ്പ്യൂട്ടറിൽ ബിസിനസ് സംബന്ധ കാര്യങ്ങൾ ചെയ്യുന്ന ഡാഡിക്കും അവളോട് സംസാരിക്കാൻ താൽപ്പര്യമുണ്ടായിരുന്നില്ല.അവളുടെ കുഞ്ഞുതല പയ്യെ താഴ്ന്നുപോയി.പെട്ടെന്നാണ് വീടിന്റെ പിന്നാമ്പുറത്തു നിന്നുദിർന്നുവന്ന ആ ശബ്ദം അവളുടെ ചെവിയിലേക്ക് പതിച്ചത്.'ബൗ....ബൗ..."പപ്പി'.....
അവൾ പപ്പിയുടെ അടുത്തേക്കോടി.കൂട്ടിനുള്ളിൽ തന്റെ ഈ സ്ഥിര ജീവിതത്തോട്

പൊരുത്തപ്പെട്ട ഭാവത്തിൽ  പപ്പിയിരിക്കുന്നു.'മമ്മിയും ഡാഡിയും കേൾക്കാൻ ശ്രമിക്കാത്ത തന്റെ വിഷമം അവൾ പപ്പിയോട് പങ്കുവെച്ചു.'

അവളുടെ സങ്കടത്തിൽ പങ്കുചേരുന്ന എന്ന ഭാവത്തിൽ പപ്പിയും ഇരുന്നു കൊടുത്തു.അപ്പോഴും ജോജിയുടേയും പിങ്കിയുടെയും പട്ടങ്ങൾ ആകാശത്ത് പറന്നുകളിക്കുന്നുണ്ടായിരുന്നു.ചുവപ്പും മഞ്ഞയും നിറത്തിലുള്ള ആ പട്ടങ്ങളെനോക്കിക്കൊണ്ട് യജമാനൻ കൂടുതുറക്കുന്നത് കാത്ത് പപ്പിയും കാവൽക്കാരൻ ഗെയ്റ്റ്തുറക്കുന്നത് കാത്ത് ശ്രീക്കുട്ടിയും ഇരുന്നു.ഒരിക്കലും തുറക്കാത്ത ആ രണ്ടു പൂട്ടുകൾ ഇരുവരേയും നോക്കി ചിരിച്ച് ഇളംകാറ്റിൽ മന്ദം മന്ദം ആടിക്കൊണ്ടേയിരുന്നു......

മിദ്‌ലാജ.സി<br>9C

## ഇവരിനി മൂകസാക്ഷികൾ

മറക്കുമോ മാനവരെ നിങ്ങൾ ഇവരെ
കാലക്കെടുതിയിൽ ജീവിതം ഹോമിച്ചവരെ
പുരുഷന്റെ കരാളഹസ്തങ്ങിൽ ജീവഛവമായവർ
പൊറുക്കുമോ നിങ്ങൾ ഈ അക്രമങ്ങൾ
പുരുഷമേധാവിത്വ ക്രൂരതയിൽ ജീവിതം ഹനിച്ചവർ
അരുണയും നിർഭയയും സൗമ്യയും ഒരോർ-
മപ്പെടുത്തലായ് നിലക്കൊള്ളുമ്പോൾ!

ഈ അനീതികൾ സമൂഹത്തിൽ ഇന്നും
ശക്തമായി നിലനിൽക്കുമ്പോൾ!
അറിഞ്ഞതും അറിയാത്തതുമായ
എത്രയോ ജീവാഹൂതികൾ
കൗമാരത്തിൽ,യൗവ്വനത്തിൽ,വാർദ്ധക്യത്തിൽ
പിതാവിനാൽ,ഭർത്താവിനാൽ,
സംരക്ഷിക്കപ്പെടണ്ടവൾ സ്ത്രി....
ഇന്ന് തിരിച്ചറിയാനാകാതെ കൊലചെയ്യപ്പെട്ടും
ബാല വധുവിന്റെയും വിധവയുടെയും വൃദ്ധയുടെയും
പീഡിക്കപ്പെട്ടവളുടെയും വേശ്യയുടെയും
കോപവും കണ്ണീരും ഏറ്റുവാങ്ങി
സർവ്വം സഹയാം ഭൂമിയായി ജീവിക്കുന്നു

മാതൃദേവോ ഭവ:യെന്ന മഹത് വചനം
കാലകെടുതിയിലെ മൂല്യച്ചുതിയിലാണ്ടുപോയ്
ഭരണകൂടവും നിയമ സംഹിതകളും
മൂകസാക്ഷികളായി മാറി
സദാചാര പോലിസും വനിതകമ്മീഷനും
ക്രൂരതകളുടെ ശക്തി കുറിച്ചില്ല
നീതിക്കായി ഇന്നുമവൾ പോരാടുന്നു
"സ്ത്രിത്വത്തിന് വിലപറഞ്ഞ നീചന്മാരേ
ഓർക്കുക നിങ്ങളുടെ ജന്മത്തിനു പിന്നിലും
ഒരു സ്ത്രീയുണ്ട്

സോനുH S A (ENGLISH)

## ഇരുട്ടിന്റെ വാക്കുകൾ....

നീ എത്രമേൽ പ്രകാശിക്കുന്നുവോ
അത്രമേൽ നിന്നെ കെടുത്താനെത്തുന്ന
ഇരുട്ടെന്ന ഭാവം
ഇരുട്ടാണ് നിൻ ജീവിതം
പ്രകാശം വെറും മോഹം മാത്രം
പ്രകാശമേ വിട പറയൂ
ഇരുട്ടെന്ന മായയിൽ കീഴടങ്ങൂ....

ഹിസാന ഫർഹത്ത് സി
9D

# കുസൃതിക്കണക്കുകൾ

1.നാല് ഒന്നുകൾ ഉപയോഗിച്ച് ഉണ്ടാക്കാൻ കഴിയുന്ന ഏറ്റവും വലിയ സംഖ്യ ഏത് .?

2.തെറ്റ് തിരുത്തുക :2+5+5=250 ഇത് ഒരു വര മാത്രം വരച്ച് ഈ കണക്ക് ശരിയാക്കുക.?

3.രണ്ട് പൂർണ്ണ സംഖ്യകൾ തമ്മിൽ ഗുണിച്ചാൽ 7 കിട്ടും. സംഖ്യകളേവ.?

4.ഒരു സംഖ്യ 8 തവണ മാത്രം ഉപയോഗിച്ച് 1000 ഉണ്ടാക്കാമോ.?

5.5 ഡിഗ്രി 6 ഡിഗ്രി ഇതിൽ ഏതാണ് വലുത്.?

6.8 ന്റെ നാലിലൊന്നിന്റെ രണ്ടിലൊന്നിന്റെ വർഗ്ഗമെത്ര.?

7.ഒരു കോടി സംഖ്യയിൽ അടങ്ങിയിട്ടുള്ള 1000 ങ്ങളുടെ എണ്ണം എത്ര.?

8.5 ഒന്നുകൾ തന്നിരിക്കുന്നു ഇവ ഉപയോഗിച്ച് 100 ഉണ്ടാക്കാൻ പറ്റുമോ.? [11111]

9.0 മുതൽ 99 വരെയുള്ള സംഖ്യകൾ കണക്കിലെടുത്താൽ ഏറ്റവും കുറച്ച് തവണ ആവർത്തിച്ച് വരുന്ന സംഖ്യ ഏത്.?

10.അഞ്ച് മൂന്ന്കൾ ഉപയോഗിച്ച് പത്ത് ഉണ്ടാക്കുന്നത് എങ്ങനെ.?

11.2000 ത്തിൽ നിന്ന് എത്ര 100 കുറക്കാം.?

12.മൂന്ന് രണ്ടുകൾ ഉപയോഗിച്ച് എഴുതാവുന്ന ഏറ്റവും ചെറിയ സംഖ്യ ഏത്.?

ഉത്തരങ്ങൾ

1.$11^{11}$

2.1 ഉം 7 ഉം 1x7=7

3.245+5=250 ഇതിൽ 2+5 ന്റെ +ന്റെ സ്ഥാനത്ത് ഒരു വരയിട്ടപ്പോൾ ഉത്തരം ശരിയായി.

4.888+88+8+8+8=1000

5.രണ്ടും തുല്യമാണ് $5^0=16^0=1$

6.90

7.10,000

8.111-11=100

9.1 2 3 4 5 6 7 8 9 0 [-1]

10. [3x3x3]+3/ 3=10

11.ഒരു തവണ കാരണം ഒരിക്കൽ 100 കുറച്ച് കഴിഞ്ഞാൽ ബാക്കി 1900 ആണ്. ആയതിനാൽ വീണ്ടും 2000 ത്തിൽ നിന്ന് 100 കുറക്കാൻ കഴിയില്ല.

12. $2^{22}=2^{11}x2^{11}$=2048x2048=4194304

അശ്വിൻ ഫ്രാൻസിസ് 9A

# ആത്മ നൊമ്പരങ്ങൾ

നിഴലണിഞ്ഞ രാത്രിയിൽ
മനസ്സിൻ കോണിൽ
ദു:ഖങ്ങൾ വേദനയാൽ
മിഴിതോരാതെ ഞാൻ വിതുമ്പുമ്പോൾ
നീല നിലാവിൽ വിളങ്ങും ചന്ദ്രബിംബം,
കേൾപ്പിയ്ക്കുന്നെനിക്കായ്,
ചക്രവാളങ്ങൾക്കപ്പുറം ഒരു പുതുജീവന്റെ തുടിപ്പ്.

കാണുന്നു അവിടെ ഞാൻ
ദാരിദ്ര്യത്തിലെ വിറങ്ങലിച്ച ഹൃദയങ്ങൾ
കുടിച്ചുന്മാദനാം വേടന്റെ കരാളഹസ്തങ്ങളേറ്റു
പിടയുന്നു ജൻമങ്ങൾ
വിശപ്പടക്കി പേടിച്ചലറുന്ന
കണ്ണീരുണങ്ങാത്ത ബാല്യങ്ങൾ.

വർഗ്ഗ വിവേചനത്താൽ സാക്ഷരത
നിഷേദിക്കപ്പെട്ട പിഞ്ചോമനകൾ.
മുറിവേറ്റു പിടയുമ്പോഴും തൊഴിലില്ലാ-
യ്മയ്ക്കു മുന്നിൽ മുട്ടുക്കുത്തുന്നവർ.
മുതലാളിത്ത മേൽക്കോയ്മയിൽ
നിണമണിഞ്ഞ ജീവിതങ്ങൾ......
അറിയുന്നു ഞാൻ;ഈ ദു:ഖങ്ങൾ
ക്കിടയിൽ എൻ ദു:ഖമെത്ര നിസാരം.

സോനു അൽഫോൻസ
H S A (ENGLISH)

# സൈബർ സെൽ

ചെറുതും വലുതുമായ ശബ്ദങ്ങളുടെ മിശ്രണത്തിൽ ഒന്നും വേർതിരിച്ചറിയാകാനാകാതെ വന്നപ്പോൾ അയാൾ വാതിലിന്റെ നേർത്ത വിടവിലേക്ക് തന്റെ ഇടതു ചെവി കൂടുതൽ ചേർത്തു വച്ചു.ഒടുവിൽ ഒരു ശബ്ദം പോലും മനുഷ്യന്റേതല്ല എന്നു തീർച്ചപ്പെടുത്തുകയും മുറിക്കുള്ളിലെ ഇരുട്ടിലേക്ക് തുറിച്ചു നോക്കി വാതിലിനോടു ചേർന്നിരിക്കുകയും ചെയ്തു.

"ഇതുപോലെ അടഞ്ഞു കിടക്കുന്ന വാതിലുകൾക്കുള്ളിൽ ഒന്നു നിലവിളിക്കാൻ പോലും കഴിയാതെ ആരൊക്കെയോ ഉണ്ടാകും"

പുറത്തിറങ്ങി നോക്കിയാലോ എന്നു പലവട്ടം ചിന്തിച്ചുവെങ്കിലും വല്ലാത്തൊരു ഭയം ഉള്ളിലുറഞ്ഞു കൂടുകയും യന്ത്രക്കുഞ്ഞുങ്ങളുടെ കരങ്ങൾ കഴുത്തിലിറുകും പോലെയൊരു തോന്നലുണ്ടാകുകയും ചെയ്തപ്പോൾ അയാൾ ഇരുന്നിടത്തുനിന്ന് അനങ്ങിയതേയില്ല.

മനുഷ്യനെപ്പോലെ ചിരിക്കുകയും സംസാരിക്കുകയും ചെയ്യുന്ന യന്ത്രക്കുഞ്ഞുങ്ങൾആദ്യമൊക്കെ കൗതുകമായിരുന്നു.

മനുഷ്യരല്ല എന്നു ചിന്തിക്കാൻ പോലും പറ്റാത്ത തരത്തിലേക്ക് എത്ര പെട്ടെന്നാണ് അവർ ആളുകൾക്കൊപ്പം ഇടപഴകിത്തുടങ്ങിയത് !

ആദ്യമായി തന്റെ കൈ പിടിച്ചു കുലുക്കുകയും ചുമലിൽ തട്ടി ചിരിക്കുകയും ചെയ്ത യന്ത്രമനുഷ്യനെക്കുറിച്ച് ഓർത്തെടുക്കാൻ അയാൾ ശ്രമിച്ചു.

എപ്പോഴാണ് എല്ലാം തകിടം മറിഞ്ഞത്" ...ഒന്നും ഓർമ്മയില്ല. തെരുവുകളിൽ അവർ വേട്ടനായ്ക്കളെ പ്പോലെ തലങ്ങും വിലങ്ങും കുതിച്ചോടുകയും കാണുന്ന മനുഷ്യരെയെല്ലാം ഒരു പൂച്ചക്കുഞ്ഞിനെ എടുത്തെറിയുംപോലെ കഴുത്തിൽ ഇറുക്കിയാഴ്ത്തി ദൂരേക്ക് എറിയുകയും ചെയ്യുന്നതെന്തിനായിരിക്കാം?

ഈ ഒളിത്താവളത്തിൽ എത്ര നാൾ ആരുമില്ലാതെ ഇങ്ങനെ കഴിയാനാകുമെന്ന ചിന്തയിൽ അയാളുടെ അടിവയറ്റിൽ നിന്ന് ഒരു തീജ്വാല ഉയർന്നു.

അയാൾ കാലുകൾക്കിടയിലേക്ക് തല പൂഴ്ത്തി കണ്ണുകളിറുക്കിയടച്ച് അനങ്ങാതെയിരുന്നു.

അജിത പി
H S A(N S)

# തണൽ

പ്രാർത്ഥനാ ദീപമായി
നീ തെളിയുമ്പോൾ
എൻ മനസ്സിൽ ഊർജത്തിൻ-
തേജസ്സായ്,നന്മയായ്
വെളിച്ചമായ് നീ ഉയരും.....

കൺ മുന്നിൽ ലക്ഷ്മിയായ്-
നീ വരുമ്പോൾ
എൻ മനസ്സിൽ പുതു-
ചിന്ത തൻ മുകുളം ഉയരും....

ഓരോ രാവും പകലായ്
വരുമ്പോൾ
എൻ കിനാവിൽ എന്നും
നീ വരുമ്പോൾ
എൻ മനസ്സിൽ എന്നും-
നീ ദേവിയാണമ്മെ...
എന്നുമെൻ മനസ്സിൽ
ദേവിയാണമ്മേ..........

ഫാത്തിമ ഫിദ
9A

കോസ്റ്റസ് പിക്സ് (ഇൻസുലിൻ)
കോസ്റ്റസ് പിക്സ് എന്ന ശാസ്ത്രീയനാമമുള്ള ഇൻസുലിൻ ചെടിയുടെ സ്വദേശം മെക്സിക്കൊ ആണ്.ഇതേ വർഗത്തിൽപ്പെട്ട ചണ്ണ എന്നൊരു ചെടി ആയുർവേദത്തിൽ ആദ്യം മുതൽ രംഗത്തുണ്ട്.ചണ്ണയുടെ കിഴങ്ങ് ഉൾപ്പെട്ട ഏലാദിഗണം ശരീരത്തിന് പുറമേയുള്ള ഉപയോഗത്തിന് മാത്രമുള്ളതാണ്.

വെളുത്ത പൂക്കളുള്ള ഇൻസുലിൻ ചെടി അലങ്കാര സസ്യമായാണ് കേരളത്തിലേക്ക് വന്നത്.എങ്ങനെയോ ഇലകൾ രക്തത്തിലെ പഞ്ചസാരയെ കുറയ്ക്കാൻ കഴിവുള്ളതായി അറിയപ്പെട്ടു.അതോടെ ഇത് ഔഷധസസ്യമായി പ്രമേഹരോഗികൾ ഉപയോഗിക്കുന്നു.കുറച്ച് കാലത്തെ ഉപയോഗത്തിനുശേഷം ഫലം തുടർന്നുകിട്ടാതെയായപ്പോൾപലരുംനിർത്തുകയായിരുന്നു.തിരുവനന്തപുരം ഗവ. ആയുർവേദ കോളേജിൽ ഡോ. ക്രിസ്റ്റിജോസ് ഇതുസംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്.രക്തത്തിലെ മധുരാംശത്തെ കുറയ്ക്കാൻ കഴിവുണ്ടെങ്കിലും നീണ്ട ഉപയോഗം ആന്തരാവയവങ്ങളെ ബാധിക്കും.അതുകൊണ്ട് ഈ സസ്യത്തിന്റെ ഔഷധം എന്ന നിലയിലുള്ള ഉപയോഗം ആശ്വാസമല്ല.

സസ്യങ്ങളിലും രോഗികൾ:
തെങ്ങിന്റെ കൂമ്പുചീയൽ,കവുങ്ങിന്റെ മഹാളി,കുരുമുളകിന്റെ ദ്രുതവാട്ടം തുടങ്ങി ഫംഗസ്, രോഗങ്ങൾക്കുദാഹരണമാണ് രോഗസംക്രമണം കാറ്റുവഴി.

വാഴയിലെ കുറുനാമ്പുരോഗം,പയർചെടിയിലേയുംമരച്ചീനിയിലേയും മൊസൈക്ക് രോഗം എന്നിവ വൈറസ് രോഗങ്ങളാണ്.രോഗം പരത്തുന്നത് എഫിഡുകൾ എന്ന കീടങ്ങളാണ്.രോഗ ബാധയുണ്ടായാൽ രോഗമുക്തി അസാധ്യമാണ്.

വഴുതനയിലെ വാട്ട രോഗം,നെൽച്ചെടിയിലെ ബ്ലൈറ്റ് രോഗം എന്നിവ ബാക്ടീരിയാരോഗങ്ങളാണ്.

പി പി ഉസ്ന

9A

## കൗതുകം നിറഞ്ഞ ജീവലോകം

### വെട്ടുകിളി

തീരെ ചെറിയ ഒരു കീടമാണ് വെട്ടുകിളി. പുൽച്ചാടിയുടെ ബന്ധുവായ ഇവയ്ക്ക് രണ്ടുഗ്രാം പോലും തൂക്കമില്ല.എന്നാൽ സ്വന്തം ശരീരഭാരത്തിന്റെയത്രയും ആഹാരം ദിവസവും കഴിക്കുന്നവരാണ് ഇവ.ഈ തീറ്റതന്നെയാണ് ഇവയെ കൃഷിക്കാരുടെ പേടി സ്വപ്നമായിമാറ്റുന്നത്.കോടിക്കണക്കിന് അംഗങ്ങളുള്ള ഒരു കൂട്ടമായാണ് ഇവർ യാത്രചെയ്യുന്നത്.80000 ടൺ ഭക്ഷ്യവസ്തുക്കൾ ഇവ നശിപ്പിക്കുന്നു.

### പാറ്റകൾ

'പാറ്റ' എന്ന് കേൾക്കുമ്പോൾ തന്നെ ചൂലെടുക്കുന്നവരാണ് നാം.ശല്യക്കാരായി നാം കണക്കാക്കുന്ന ഈ ജീവി ചില്ലറക്കാരനല്ല.ഇന്നുള്ളതിൽ ഏറ്റവും പഴക്കമുള്ള ജീവിവർഗത്തിൽപ്പെട്ടവയാണ് ഇവ.20 കോടി വർഷത്തിലേറെ പഴക്കമുണ്ട് ഇവ ഈ ഭൂമുഖത്ത് ജീവിക്കാൻ തുടങ്ങിയിട്ടുണ്ട്.ഇവയുടെ രക്തത്തിന് വെളുത്ത നിറമാണ്.പാറ്റ വർഷത്തിൽ പലതവണ ഇവ  പുറന്തോട് പൊഴിക്കും.എട്ടുമണിക്കൂറുകൊണ്ട് പുതിയ തോട് വരുകയും ചെയ്യും.ഇവയുടെ തല മുറിഞ്ഞുപോയാലും ഇവ ഒരാഴ്ച്ചയോളം ജീവിക്കും.അതിന് ശേഷം ജീവിക്കാൻ സാധിക്കാനാവാത്തത് അവയ്ക്ക് വായ നഷ്ട്പ്പെട്ടത് മൂലം  വെള്ളം ലഭിക്കാത്തതിനാലാണ്.

### മലയണ്ണാൻ

പശ്ചിമഘട്ടത്തിൽ കാണപ്പെടുന്ന ഒരു ജീവിയാണ് മലയണ്ണാൻ.ഇത് കൂടുതലായും ഭക്ഷിക്കുന്നത് ഉറുമാമ്പഴം ആണ്.

ഇതിന്റെ രൂപം ഏകദേശം ഒരു രണ്ട് വയസ്സുള്ള കുട്ടിയുടെ അത്ര കാണും.ഇതിന്റെ വാല് നീളമുള്ളതും മിനുസമുള്ളതും ആയിരിക്കും മരങ്ങളിൽ ആണ് ഇത് കൂടുതലായി കാണപ്പെടുന്നത്.ഇത് നമ്മുടെ നാട്ടിൽ ദിനം പ്രതി കുറഞ്ഞു കൊണ്ടിരിക്കുകയാണ്.

### പ്രാവ്

കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിൽ മിടുക്കരാണ് പ്രാവുകൾ.ചിറക് മുളച്ച് തുടങ്ങുമ്പോഴേക്കും തള്ളപ്രാവ് കുഞ്ഞുങ്ങളെ പുറത്തേക്ക് തള്ളിവി-ടില്ല.കുഞ്ഞ്പ്രാവുകൾ പുറത്തേക്ക് പോവുകയുമില്ല.മുട്ട വിരിഞ്ഞ് അഞ്ച് ആഴ്ച്ചയെങ്കിലും കഴിഞ്ഞേ പ്രാവിൻ കുഞ്ഞുങ്ങൾ കൂട്ടിൽ നിന്ന്പുറത്തേക്കു

പറക്കൂ.അപ്പോഴേക്കും അവയുടെ ചിറകുകൾ പൂർണവളർച്ച എത്തിയിരിക്കും.അതായത് മുതിർന്നതിനു ശേഷമെ പ്രാവിൻകുഞ്ഞുങ്ങൾ കൂടു വിട്ട് പുറത്തുവരൂ എന്നർത്ഥം.

### പുൽച്ചാടി

പുൽച്ചാടിയെ നമുക്കെല്ലാവർക്കും അറിയാവുന്ന ഒന്നാണ്.ശരീരത്തിൽ മുഴുവൻ പച്ചനിറമാണ്.സസ്യഭുക്കുകളാണിവ.ഏകദേശം ഏഴു സെ മീപുൽച്ചാടികൾക്ക്.ഇവയുടെ ചിറകുകൾക്ക് പേപ്പറിന്റെ കട്ടിയേ ഉള്ളൂ.പണ്ടുള്ളവർ പറയുമായിരുന്നു പുൽച്ചാടി വലതുകൈവള്ളിയിലിരുന്നാൽ സമ്പാദ്യം ഉണ്ടാകുമെന്ന്.പച്ചിലയിലകൾ ക്കിടയിലാണിവയുടെ വാസസ്ഥലം.പുൽച്ചാടികൾ പലതരത്തിലും ലോകത്തിലുണ്ട്.ഇന്ന് ഇവയുടെ എണ്ണം തീരെ കുറവാണ്

### കടുവ

നമ്മുടെ ദേശിയ മൃഗമായി കണക്കാക്കപ്പെടുന്നു. മാംസമാണ് ഇവയുടെ പ്രധാന ഭക്ഷണം.ഇവയുടെ കാലുകൾ നല്ല കൂർത്ത നഖം ഉണ്ട്.വലിയ മൂർച്ചയുള്ള പല്ലുകളുണ്ട്. വൻ ശക്തിയിൽ ഓടനുള്ള കഴിവുണ്ട്.നല്ല തിളക്കമുള്ള കണ്ണുകളു-ണ്ട്. കണ്ണിന് വളരെയധികം കാഴ്ചശക്തിയുണ്ട് അതിനാൽ പതുങ്ങിയിരിക്കുന്ന് ഇരകളെ കണ്ടുപിടിക്കാൻ സാധിക്കും. ഇവരുടെ തോൽ വളരെ മിനുസമുള്ളതാണ്.

### വരയാട്

വരയാടുകൾ പാലക്കാടുള്ള സൈലന്റ് വാലിയിലാണ് കൂടുതലായും കാണപ്പെടുന്നത്.ഇവർക്ക് വലിയ ദേഹവും,കൊ-മ്പുകളും ഉണ്ട്.എന്നാൽ വാല് വളരെ ചെറുതാണ്.ഇവർ പൂർണ-മായും പുല്ലുകളാണ് ഭക്ഷിക്കുന്നത്.ആരെങ്കിലും ഇവയെ ആക്ര-മിക്കാൻ വന്നാൽ ഇത് വേഗത്തിൽ ഓടും.ഇതിന്റെ കാലുകൾക്ക വളരെയധികം ശക്തിയുണ്ട്.

### വേഴാമ്പൽ

കേരളത്തിന്റെ ഔദ്യോഗിക പക്ഷിയാണ് വേഴാമ്പൽ.ഇവയുടെ കൊക്ക് വളരെ നീണ്ടതും,മൂർച്ചയുള്ളതും,മിനുസമള്ളതും വളരെ മനോഹരവുമാണ്.ഒറ്റപ്പെട്ട വനങ്ങളിൽ ഉയരമുള്ള മരങ്ങളിലാണ് ഇവയെ കൂടുതലും കാണപ്പെടുന്നത്.



പശ്ചിമഘട്ട മലനിരകളിലാണ്

ഇവയെ കാണപ്പെടുന്നത്.കാട്ടുപഴങ്ങളും,മരത്തൊലിപ്പൊളിച്ച് അതിലെ ചെറിയ പ്രാണികളെയുമാണ് ഭക്ഷിക്കുന്നത്.മരത്തിൽ പറ്റിപ്പിടിച്ചിരിക്കുന്നതാണ് ഇവയുടെ മറ്റൊരു വിശേഷത.

അദ്വയ ഭവ
9A

# ചന്ദ്രനുദിക്കുന്ന ദിക്കിൽ....

ഇരുപത്തി ഒന്നാം നൂറ്റാണ്ട് ഗ്രഹാന്തരയാത്രകളു-ടെ കാലമാണ്.ഭൂമിക്ക് വെളിയിൽ സൗരകുടുംബത്തിനുമപ്പുറം ഏതു നിമിഷവും ജീവന്റെ തുടി പ്പുകൾകണ്ടെത്താൻ കഴിയുമെന്ന അവസ്ഥയാണ് ഇപ്പോയുള്ളത്.1969 ജൂലൈ 21 നാണ് മനുഷ്യൻ ആദ്യമായി ചന്ദ്രനിലിറങ്ങുന്നത്.തുടർന്ന് 6 ചന്ദ്രദൗത്യങ്ങളിലായി 12 പേർ ചന്ദ്രനിലിറങ്ങി പ്രപഞ്ചത്തിൽ ഭൂമിയും ചന്ദ്രനും ഉള്ളിടത്തോളംകാലം മനുഷ്യൻ ചന്ദ്രനിലാദ്യമായി കാലുകുത്തിയ ദിനം ചാന്ദ്രദിനമായി ആഘോഷിക്കുന്നു.

ഭൂമിയുടെ ഒരേയൊരു പ്രകൃതിദത്ത ഉപഗ്രഹമാണ് ചന്ദ്രൻ.ചന്ദ്രനിൽ മനുഷ്യൻ താമസമുറപ്പിക്കുന്നതിന് ഉപയോഗയോഗ്യമായ ജലമുണ്ടാകേണ്ടത് അ ത്യാവശ്യമാണ്.ഭൂമിയിൽ നിന്ന് ചന്ദ്രനിലേക്ക് ജലം കൊണ്ട് പോകുന്നത് പ്രായോഗികമല്ല.എന്നാൽ മുമ്പ് കരുതിയിരുന്നതിലും അധികം ജലം ചന്ദ്രനിലുണ്ടെന്ന് 2009 സെപ്തംബർ24 ഇന്ത്യയുടെ ചാന്ദ്രയാൻ -1 ദൗത്യം കണ്ടെത്തിയിട്ടുണ്ട്.

## ചന്ദ്രോല്പത്തി സിദ്ധാന്തങ്ങൾ

2005-ൽ ബ്രിട്ടൻ സ്വിറ്റ്സർസാഡ് ജർമനി എന്നിവിടങ്ങളിൽ നിന്നുള്ള ഒരു ശാസ്ത്രസംഘം ചന്ദ്രന്റെ പ്രായം 452 കോടി വർഷമാണെന്ന ഒരു പരികൽപ്പന കൊണ്ടുവന്നു.സൗരയൂഥം രൂപം കൊണ്ടതിനു ശേഷം മൂന്ന് മുതൽ അഞ്ച് കോടി വർഷങ്ങൾക്കു ശേഷമാണ് ചന്ദ്രനുണ്ടായത്.എന്നാൽ ഇതിൽ നിന്ന് അഭിമാനിക്കാൻ കഴിയുന്നത് ചന്ദ്രോല്പത്തി സംബന്ധിച്ചുള്ള നിരവധി സിദ്ധാന്തങ്ങൾ നിലവിലുണ്ട്.

## ചാന്ദ്രയാത്രകൾ


1-മുതൽ-6 വരെആദ്യത്തെ അപ്പോളൊ വാഹനം 1967 ജനുവരി 27-ന് പ്രയാണസജ്ജമായി.14 ദിവസം ബഹിരാകാശത്തിൽ ഭൂമിയെ ചുറ്റിപ്പറക്കാനാണ് അപ്പോളൊ 1 തയ്യാറാക്കിയത്.വെർജിൻ ഗ്രിസം,എഡ്വർഡ് വൈറ്റ് റോജൻ ഷഫി എന്നിവർ കയറിയ അപ്പോളൊ വാഹനം പരീക്ഷണത്തിനിടയിൽ തീപിടിച്ചത് കൊണ്ട് ലക്ഷ്യംനേടാതെ മൂന്നുയാത്രികരും കൊല്ലപ്പെട്ടു.വൈദ്യുതി ബന്ധ-ങ്ങൾക്കും നേരിട്ട തകരാറുകളാണ് ദുരന്തത്തിനു കാരണം.തുടർന്ന് നടന്ന മൂന്നു ദൗത്യങ്ങളിലുംമനുഷ്യർ കയറിയിരുന്നില്ല.അപ്പോളൊ 4-[1967 നവംബർ9]മാതൃപേടകം എൻജിനുകളും സാറ്റേൺ-5 റോക്കറ്റും പരീക്ഷിക്കുന്നതിനായി പറന്നു.

ഫാത്തിമ ലിന

ഫാത്തിമ ഫിദ

**വരകൾ.....വർണങ്ങൾ**






ശിവപ്രസാദ് വി

10G



അനന്യ സേവ്യർ

9A







സുൽഫത്ത്

9 A





റിൻഷാദ് സി എം



അശ്വിൻ

10A





ദിൽസ്വരൂപ് പി ജെ

9A



ദിൽസ്വരൂപ് പി ജെ

9A



നന്ദന കെ എസ്
9D

## ഇമ്മിണി ബല്ല്യ ബെഷീർ

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു. ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ (ജനനം: 21 ജനുവരി 1908 തലയോലപ്പറമ്പ്, വൈക്കം - മരണം: 5 ജൂലൈ 1994 ബേപ്പൂർ, കോഴിക്കോട്). 1982-ൽ ഇന്ത്യാ ഗവൺമെൻറ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാള സാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ടു.

1908 ജനുവരി 21 ന് തിരുവിതാംകൂറിലെ (ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട) തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും.രസകരവും സാഹസികവുമാണ് ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത്(ക്ലാസ്സ് 5) കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്തു ചെന്നു കള്ളവണ്ടി കയറി കോഴിക്കോട്ടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര രംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്.

1930-ൽ കോഴിക്കോട്ട് ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത് സിംഗ് മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീട് കണ്ടുകെട്ടി. തുടർന്നു കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്ന്യാസിമാരുടെയും, സൂഫിമാരുടെയും കൂടെ ജീവിച്ചു, പാചകക്കാരനായും, മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു. പല ജോലികളും ചെയ്തു. അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം.ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു, മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും - തീവ്ര ദാരിദ്ര്യവും,മനുഷ്യ ദുരയും നേരിട്ടു കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാള സാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം ചുറ്റലിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത

സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

പദ്മനാഭ പൈ പത്രാധിപരായിരുന്ന "ജയകേസരി"യിൽ പ്രസിദ്ധീകരിച്ച തങ്കം ആണ് ആദ്യം പ്രസിധീകരിച്ച കഥ. ജോലിയന്വേഷിച്ചാണ് ബഷീർ പത്രാധിപരുടെയടുത്തെത്തിയത്. എന്നാൽ ജോലി തരാൻ നിവൃത്തിയില്ലെന്നും, കഥ എഴുതിത്തന്നാൽ പ്രതിഫലം തരാം എന്നും മറുപടി കേട്ട ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. കറുത്തിരുണ്ട് വിരൂപയായ നായികയും ചട്ടുകാലും കോങ്കണ്ണും കൂനുമുള്ള യാചകൻ നായകനുമായി എഴുതിയ ആ കഥയാണ് തങ്കം.

ഷീല അഗസ്റ്റിൻ

H S A(SS)

## അന്യർക്ക് പ്രവേശനമില്ല




ആകാശം കറുപ്പു ധരിച്ചിരിക്കയാണ്.നല്ല കാറ്റുമുണ്ട്.തെങ്ങും മരവും എല്ലാം വ്യയാമ്മുറചെയ്യുന്നപോലെ വളഞ്ഞിരിക്കുന്നു.മാനം കരഞ്ഞുതുടങ്ങി.ഗേറ്റിൽ ചാരിനിന്ന അയാൾ ഓടി വീട്ടിൽ കയറി.മുറ്റത്ത് കളിച്ചുകൊണ്ടിരിക്കുന്ന മക്കളെ അയാൾ ശ്രദ്ധിച്ചു."മഴ കാണുന്നില്ലേ?ഗോ ഇൻസൈഡ്,കംപ്ലീറ്റ് യുവർ ഹോംവർക്ക് ".അയാൾ ഒച്ചയിട്ടു."ഹോംവർക്ക് ഞങ്ങൾ ഫിനിഷ് ചെയ്യതതാ".മൂത്തവൻ പറഞ്ഞു. "എന്തായാലും മഴയത്ത നിക്കണ്ടാ.പനി പിടിച്ചാ ക്ലാസ് മിസ്സാവും.അറിയാലോ എക്സാംസ് തുടങ്ങാനായി."മക്കൾ രണ്ടും കിതച്ചുകൊണ്ടന്നു.അവർക്ക് മര്യാദയ്ക്ക ഒടാൻ പോലുമാവുന്നില്ല.അയാൾ അകത്തോട്ട് കയറിപ്പോയി.അയാൾ ഫോൺ ഓൺ ചെയ്യതു.ഫേസ്ബുക്കിലും,വാട്ടസാപ്പിലും അയാൾ അർമ്മാദിച്ചു.അയാളുടെ ഭാര്യ അവിടെ വന്നിരുന്നു."നിനക്ക കിച്ചണിൽ പണിയൊന്നുമില്ലേ?".അയാൾ ചോദിച്ചു."ഓഫിസിൽ കുറെ വർക്കുണ്ടായിരുന്നു.ഞാൻ ടയേഡാ.ഫുഡ് ഒഡർ ചെയ്യാം."അവർ മറുപടി പറഞ്ഞു.പിന്നീട് അവർ ഫോൺുകളിൽ നിന്ന് കണ്ണെടുത്തില്ല. പുറത്തെ കോളിംഗ് ബെല്ല കരഞ്ഞു.ഡെലിവറിബോയാണ്.പറഞ്ഞ പണം കൊടുത്ത് അയാളതുവാങ്ങി.ഇന്റർനെറ്റിൽ വാങ്ങിയ വിലക്കൂടിയ ഭക്ഷണം അയാളുടെ കുടുംബത്തിന്റെ വയറും മനസ്സും നിറച്ചു. അയാൾ പുറത്തേക്കിറങ്ങി.നല്ല മഴയാണ്.ഗേറ്റിൽ തൂങ്ങിനിന്ന ബോർഡ് കാറ്റിൽ ആടുന്നുണ്ട്.അന്യർക്ക് പ്രവേശനമില്ല.

കരണ്ടുപോയന്നു തോന്നുന്നു.ഇൻവെർട്ടർ നിർത്താതെ കരയുന്നു. "കേരളത്തിൽ ഏറ്റവും വലിയ ഡാമുള്ള ജില്ലേന്റെ അവസ്ഥ ഇതാണെങ്കി ബാക്കി ജില്ലകളടെ അവസ്ഥ എന്തായിരിക്കും".അയാളുടെ ഭാര്യ പിറുപിറുത്തു.

നേരം ഒത്തിരി ഇരുണ്ടു.അയാൾക്ക് ഉറക്കം തീരെയില്ല.അയാൾ പുറത്തേക്കിറങ്ങി.നല്ല മഴയാണ്.നല്ല കാറ്റുമുണ്ട്.ദൂരെ നിന്ന് സൈറൺ കേൾക്കുന്നു. "ഡാമിന്നാണല്ലോ,എന്താ പ്രശ്നം."അയാളുടെ നെഞ്ചിടിച്ചു.അയാൾ ദൂരേക്കു നോക്കി. നല്ല ഉച്ചത്തിലുള്ള ശബ്ദം.അന്നുരാത്രി അയാളുടെ വീടിന്റെ ഗേറ്റിൽ തൂങ്ങിക്കിടന്ന ബോർഡ് വെള്ളത്തിലൊഴുകി നടന്നു. "അന്യർക്ക് പ്രവേശനമില്ല."

അനുരഞ്ജ് എം പി
8D

# Flood..

Flood is an overflow of huge amount of water covering large areas causing destruction at the places affected many regions across the globe face the problem of floods each year.

Flood occurs due to excessive downpour and lack of proper drainage system. The severity of flood may vary from region to region and the destruction caused due to the same varies accordingly.

Several towns and cities around the world have suffered from severe floods that have cost lives of people and animals, resulted in loss of property and other valuable assets and destruction of soil and plants. Farmers are majorly impacted by floods as their crops get ruined owing to this weather condition.

Water accumulated for days at a particular place also result in the outbreak of various diseases. When the condition is severe,the schools and officers are shut. Last August,severe floods ravaged Kerala due to unusually high rainfall during the monsoon season. It was the worst flood in nearly a century in
which over 483 people died , above a million people were
evacuated .

Flood disrupt the day to day life in affected
regions and cause various problems for the people living in such
areas. Regions hit by severe floods take months and at times even years to rebuild.

മരിയ ആതിര

9A

കണ്ണീരും കനവുകളും ഒടുങ്ങാത്ത വാക്കുകൾ

ഒരിക്കലും നിലക്കുന്നില്ല...

അവ ചിറക് വീശി കാലത്തിനൊപ്പം കുതിച്ചുകൊണ്ടേയിരിക്കും.

നന്ദി...

"ചിറക്" നിങ്ങൾക്കു മുൻപിൽ സമർപ്പിക്കുവാനുള്ള ഓരോ ചുവടുവെയ്പ്പിലും സഹായിച്ചവർക്ക്...